15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 581 | 11-11-2021 - ൽ മറുപടിയ്ക്ക്

പേമാരിയും വെള്ളപ്പൊക്കവും മൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എച്ച്. സലാം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ പേമാരിയും വെള്ളപ്പൊക്കവും മൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള കനത്ത നഷ്ടത്തിന്റെ പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും 12/10/2021 മുതൽ 04/11/2021 വരെ AIMS Portal മുഖേനയുള്ള പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 1,26,957 കർഷകരുടെ 59,110.81 ഹെക്ടർ സ്ഥലത്തായി ആകെ 49,340.77 ലക്ഷം രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം മേഖലയിലാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് പ്രത്യേകമായ കണക്കെടുപ്പ് നടത്തി പ്രസ്തുത മേഖലയിലെ കർഷകരെ സഹായിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടൽ നടത്തുമോ; | (ബി) | ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം ജില്ലകളിലാണ് മറ്റ് ജില്ലകളെ അപേക്ഷിച്ച് കൂടുതൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുള്ളത്. പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയും, സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായ കർഷകർക്ക് വിള നാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാര തുക നൽകുന്നതാണ്. പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തിര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും, സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും, കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. ഒക്ടോബർ മാസം കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തിര നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുവാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. 2021 ഒക്ടോബർ 12 മുതൽ 30 വരെ ഉണ്ടായ കൃഷിനാശത്തിന് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ AIMS പോർട്ടൽ വഴി നൽകുന്നതിനുള്ള തീയതി നവംബർ 15 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിന്മേൽ ഫീൽഡ്തല പരിശോധനകൾ അടിയന്തിരമായി നടത്തിവരികയാണ്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിന് നെൽവിത്തിന്റെ കരുതൽ ശേഖരം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കാർഷിക മേഖലയിൽ ആകെയുണ്ടായ നാശനഷ്ടം കണക്കാക്കി പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; | (സി) | നിലവിൽ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടില്ല. കൃഷിനാശം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര സഹായം ആവശ്യപ്പെടുന്നതാണ്. |
| (ഡി) | ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | നിലവിൽ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടില്ല. കൃഷിനാശം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര സഹായം ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ലയുടെ പേര്** | **കൃഷിഭൂമിയുടെ വിസ്തൃതി (ഹെക്ടർ)** | **കർഷകരുടെ എണ്ണം** | **നാശനഷ്ടത്തിന്റെ കണക്ക് (തുക ലക്ഷത്തിൽ)** |
|---|---|---|---|
| ആലപ്പുഴ | 19,348.86 | 28,351 | 7,524.46 |
| ഇടുക്കി | 301.52 | 6,163 | 3,249.88 |
| പാലക്കാട് | 4,785.71 | 7,237 | 4,403.26 |
| കണ്ണൂർ | 849.43 | 3,005 | 600.26 |
| കൊല്ലം | 1,750.18 | 9,802 | 2,831.49 |
| എറണാകുളം | 2,074.48 | 8,606 | 2,512.42 |
| വയനാട് | 2,009.00 | 138 | 54.35 |
| തിരുവനന്തപുരം | 707.37 | 6,698 | 1,668.43 |
| തൃശ്ശൂർ | 17,841.88 | 18,930 | 9,507.27 |
| കാസർഗോഡ് | 287.63 | 1,901 | 283.46 |
| കോഴിക്കോട് | 764.54 | 4,592 | 1,448.86 |
| മലപ്പുറം | 4,494.63 | 7,904 | 6,102.85 |
| കോട്ടയം | 3,064.16 | 12,701 | 6,720.47 |
| പത്തനംതിട്ട | 831.42 | 10,929 | 2,433.31 |
| **ആകെ** | **59,110.81** | **1,26,957** | **49,340.77** |